# STD VI SOCIAL SCIENCE - JOPHY'S CLASSES

## STD VI - UNIT 3 KERALA : THE LAND,THE RAIN,AND THE PEOPLE
**STD VI - യൂണിറ്റ് 3 കേരളം : മണ്ണും മഴയും മനുഷ്യനും**

**1.What are the basic factors which are needed for cultivation?**
**1.കൃഷിക്ക് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ എന്തൊക്കെയാണ്?**

**A) Fertile soil, High yielding seeds, Favourable climate, Availability of water,man power**
**ഉത്തരം) മനുഷ്യ പ്രയത്നം, കീടങ്ങളെ നിയന്ത്രിക്കാനുള്ള മാർഗങ്ങൾ, ഫലഭൂയിഷ്ഠമായ മണ്ണ്, ഉയർന്ന വിളവ് നൽകുന്ന വിത്തുകൾ, അനുകൂല കാലാവസ്ഥ, ജലലഭ്യത.**

**2.Which are the major types of soil in Kerala?**
**2.കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ ഏതൊക്കെയാണ്?**

**A) Alluvial soil Laterite soil Forest soil Red soil**

**ഉത്തരം) എക്കൽ മണ്ണ്, ലാറ്ററൈറ്റ് മണ്ണ് ,വന മണ്ണ് , ചെമ്മണ്ണ്**

**3.Kerala is suitable for agricultural activities than Tamil Nadu. Evaluate?**
**3. കാർഷിക പ്രവർത്തനങ്ങൾക്ക് തമിഴ്നാടിനേക്കാൾ അനുയോജ്യമാണ് കേരളം. വിലയിരുത്തുക?**

**A)** Alluvial soil, which is ideal for agriculture, exists in Kerala. In the amount of rainfall received as well, Kerala is far ahead of Tamil Nadu.
**ഉത്തരം) ഫലഭൂയിഷ്ഠമായ എക്കൽ മണ്ണാണ് കേരളത്തിൽ കാണപ്പെടുന്നത്. തമിഴ്നാടിനേക്കാൾ കേരളത്തിൽ മഴ കൂടുതലാണ്**

**5. What are the physiographic division of Kerala ?**
**5. കേരളത്തിന്റെ ഭൂപ്രകൃതി ഏതൊക്കെയാണ്?**

**A)Kerala can be physiographically divided into highland, midland, and lowland based on the altitude.**
**ഉത്തരം)സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിക്കാം.**

**6.Find out the geographical features of Highland ?**
**6.മലനാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടെത്തുക?**

**A) Temperature below 30$^{O}$ Celsius,Abundant rainfall,Well drained soil crops like cardamom, pepper, ginger, and turmeric.**
**ഉത്തരം) 30$^{o}$ സെൽഷ്യസിൽ താഴെയുള്ള താപനില , നല്ല നീർവാർച്ചയുള്ള മണ്ണ് , ഏലം, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വളർച്ചയ്ക്ക് അനുകൂലമാണ്.**

**7.Find out the geographical features of Mid land ?**
**7.ഇടനാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടെത്തുക?**

**A) The midland is sandwiched between the lowland and the highland. crops like Rubber,** Plantain,**Tapioca, yam, elephant foot yam, and vegetables**
**ഉത്തരം) തീരപ്രദേശത്തിനും മലനാടിനുമിടയിലാണ് ഇടനാട് വൈവിധ്യമാർന്ന വിളകൾ - മരച്ചീനി, ചേന, കാച്ചിൽ, പച്ചക്കറികൾ, വാഴ**

**8. Find out the geographical features of Low land ?**
**8. തീര പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടെത്തുക?**

**A) The lowland lies close to sea level. The deposits of alluvial soil in the lowlands are ideal for paddy cultivation and the saline alluvial soil along the coastal stretches, for coconut Trees**

JOPHY LIJOICE

**ഉത്തരം)സമുദ്രനിരപ്പിൽ നിന്നും അധികം ഉയരമില്ലാത്ത പ്രദേശമാണ് തീര പ്രദേശം. എക്കൽ മണ്ണിന്റെ വൻ നിക്ഷേപം,തീരദേശഘടനകളിൽ ഉപ്പുരസമുള്ള മണ്ണ്,പ്രധാന വിളകൾ തെങ്ങും നെല്ലും**

**8.What are the traditional crops in Kerala?**
**8.കേരളത്തിലെ പരമ്പരാഗത വിളകൾ ഏതൊക്കെയാണ്?**

**A) Coconut,rice,tapioca. ഉത്തരം)തെങ്ങ്, അരി, മരച്ചീനി**

**10. The reason why Keralites have abandoned the traditional crops and started rubber cultivation?OR Farmers are turning to rubber cultivation instead of traditional crops.What could be the reason?**
**10.കേരളീയർ പരമ്പരാഗത വിളകൾ ഉപേക്ഷിച്ച് റബ്ബർ കൃഷി ആരംഭിച്ചതിന്റെ കാരണം?**

**A) Once planted the rubber crop provides long yield. It doesn't need constant care.It doesn't need irrigation . More free from pest attack. Suitable Physiography.**
**ഉത്തരം) ഒരിക്കൽ നട്ട റബ്ബർ ദീർഘകാല വിളവ് നൽകുന്നു. ഇതിന് നിരന്തരമായ പരിചരണം ആവശ്യമില്ല. ഇതിന് ജലസേചനം ആവശ്യമില്ല കീടങ്ങളുടെ ആക്രമണത്തിൽ നിന്ന് കൂടുതൽ മുക്തമാണ്. അനുയോജ്യമായ ഭൂപ്രകൃതി.**

**11. which is a chief commercial crop of Kerala?**
**11.കേരളത്തിലെ പ്രധാന നാണ്യവിള?**

**A) Rubber ഉത്തരം)റബ്ബർ**

**12. Still our agriculture faces set backs. Discuss the situation that led to this.?**
12. ഇപ്പോഴും നമ്മുടെ കാർഷിക മേഖല തിരിച്ചടി നേരിടുന്നു. ഇതിലേക്ക് നയിച്ച സാഹചര്യം ചർച്ച ചെയ്യുക.?

**A) Climate Change,Less profit,Non availability of quality seeds**
**ഉത്തരം) കാലാവസ്ഥാ വ്യതിയാനം ലാഭക്കുറവ് നല്ലയിനം വിത്തുകളുടെ അഭാവം**

**13.Write proverbs related to agriculture ?**
**13.കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ എഴുതുക ?**

**Kumbhathil mazha peythal kuppayilum manikyam';Kumbhathil nattaal kudatholam chena, meenathil nattaalo meenkanninolam'; 'Thirimuriyaathe thiruvathiranjattuvela'.**
**ഉത്തരം)**കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം' കുംഭത്തിൽ നട്ടാൽ കുടത്തോളം' ചേന മീനത്തിൽ നാട്ടാലോ മീൻകണ്ണിനോളം''തിരിമുറിയാതെ തിരുവാതിര **ഞാറ്റുവേല**'

**13. How does the reduction in cultivable land area affect the agricultural sector?**
**13. കൃഷിയോഗ്യമായ ഭൂമിയുടെ കുറവ് കാർഷിക മേഖലയെ എങ്ങനെ ബാധിക്കുന്നു?**

**A)Decreasing agricultural production,agricultural production decreases we have to depend on other states for food materials.So naturally the price of foodstuff increases.agricultural laboures lose their jobs.**
**ഉത്തരം)** കാർഷിക ഉൽപ്പാദനം കുറയുന്നു, കാർഷികോൽപ്പാദനം കുറയുന്നതിനാൽ ഭക്ഷ്യവസ്തുക്കൾക്കായി നാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. അതിനാൽ സ്വാഭാവികമായും ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിക്കുന്നു. കർഷകത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടുന്നു.

**14.In our state the changes in land use can be seen. ? what are they ?**

**14. നമ്മുടെ സംസ്ഥാനത്ത് ഭൂവിനിയോഗത്തിൽ മാറ്റങ്ങൾ കാണാം. എന്തൊക്കെയാണ് ?**

**A) Reclamation of paddy fields and ponds for other uses, destruction of hills, unscientific agricultural practices along the hill slopes.**

**ഉത്തരം) കുളങ്ങളും നെൽവയലുകളും മണ്ണിട്ട് നികത്തുന്നു. കുന്നിൻ ചെരുവുകളിൽ അശാസ്ത്രീയമായ കൃഷി. വനനശീകരണം.വൻതോതിലുള്ള ഖനനം.**

**15. Lifestyle of the people of Kerala has changed from agricultural culture. What are the changes?**

**15. കാർഷിക സംസ്കാരത്തിൽ നിന്ന് കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലി മാറിയിരിക്കുന്നു. എന്തൊക്കെയാണ് മാറ്റങ്ങൾ?**

**A) People have no interest in cultivation. Profit became the only aim of agriculture. As profit became less people gave up cultivation. Reluctance to do hard work. It became the cause of some diseases. Fast food culture became the habit.**

**ഉത്തരം) ആളുകൾക്ക് കൃഷിയിൽ താൽപ്പര്യമില്ല. ലാഭം മാത്രമാണ് കൃഷിയുടെ ലക്ഷ്യം. ലാഭം കുറഞ്ഞതോടെ ആളുകൾ കൃഷി ഉപേക്ഷിച്ചു. കഠിനാധ്വാനം ചെയ്യാനുള്ള വിമുഖത. ഇത് ചില രോഗങ്ങൾക്ക് കാരണമായി. ഫാസ്റ്റ് ഫുഡ് സംസ്കാരം ശീലമായി.**

16. What are lifestyle diseases?

**16.ജീവിത ശൈലീ രോഗങ്ങൾ ഏതൊക്കെയാണ്?**

**A)** Hypertension, Heart disease, Diabetes **ഉത്തരം) രക്തസമ്മർദ്ദം, ഹൃദ്രോഗം, പ്രമേഹം.**

**17. What changes have occurred in the life style of the Malayali who changed from agricultural culture?**

**17.കാർഷിക സംസ്കാരത്തിൽ നിന്ന് മാറിയ മലയാളിയുടെ ജീവിത ശൈലിയിൽ എന്തൊക്കെ മാറ്റങ്ങൾ ആണ് ഉണ്ടായത്?**

**A) Our old generation worked hard in forms and fields,so they did not have any special exercise. But in the modern machine age ,physical labour is less used.It results in many diseases.**

**ഉത്തരം)പാടത്തും പറമ്പിലും എല്ലുമുറിയെ പണിയെടുക്കുന്ന മലയാളിയുടെ ജീവിതത്തിൽ പ്രത്യേകിച്ച് വ്യായാമത്തിന്റെ ആവശ്യമില്ലായിരുന്നു. എന്നാൽ ഇന്ന് ശരീരം കൊണ്ടുള്ള വ്യായാമം കുറഞ്ഞിരിക്കുന്നു. ഇത് പലരോഗങ്ങൾക്കും കാരണമായി**

JOPHY LIJOICE

18. Which is the main problem faced by the Malayalees who have changed from rural life to urban life?
**18.ഗ്രാമീണ ജീവിതത്തിൽ നിന്നും നഗര ജീവിതത്തിലേക്ക് മാറിയ മലയാളി ഇന്നു അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം ഏത്?**

A) Waste management **ഉത്തരം) മാലിന്യ സംസ്കരണം**

19. What are the different biological waste management methods?
**19.വിവിധ ജൈവ മാലിന്യ സംസ്കരണ രീതികൾ ഏവ?**

**A)Compost, earth compost, vermi wash**
**ഉത്തരം) കമ്പോസ്റ്റ് ,മണ്ണിര കമ്പോസ്റ്റ് ,വെർമി വാഷ്**

**20.Villages become towns and cities. Now the people of Kerala try to follow urban culture. It creates several problems. Increase of pollution is an important problem. Now not only cities but also rural areas face the problem of pollution. How can this problem be solved?**

**21. ഗ്രാമങ്ങൾ നഗരങ്ങളും പട്ടണങ്ങളുമാകുന്നു. ഇപ്പോൾ കേരളത്തിലെ ജനങ്ങൾ നഗര സംസ്കാരം പിന്തുടരാൻ ശ്രമിക്കുന്നു. ഇത് നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മലിനീകരണം വർദ്ധിക്കുന്നത് ഒരു പ്രധാന പ്രശ്നമാണ്. ഇപ്പോൾ നഗരങ്ങൾ മാത്രമല്ല ഗ്രാമപ്രദേശങ്ങളും മലിനീകരണ പ്രശ്നം നേരിടുന്നു. ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം?**

**A) People throw away Waste materials without thinking about its bad effects.Wastes in the houses can be collected to make organic manure. This manure can be used in vegetable plantation.There are some ways to purify garbage. Earth- Worm compost and pipe compost are some methods. Biogas can be made using organic garbage in biogas plant.**

**ഉത്തരം) വീടുകളിലെ മാലിന്യങ്ങൾ ശേഖരിച്ച് ജൈവവളം ഉണ്ടാക്കാം. പച്ചക്കറിത്തോട്ടത്തിൽ ഈ വളം ഉപയോഗിക്കാം.മണ്ണിര കമ്പോസ്റ്റും പൈപ്പ് കമ്പോസ്റ്റും ചില രീതികളാണ്ബയോഗ്യാസ് പ്ലാന്റിലെ ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് ഉണ്ടാക്കാം.**

**22. Instead of traditional method of cultivation, some new methods can be accepted. What are they?**
**22.പരമ്പരാഗത കൃഷിരീതിക്ക് പകരം പുതിയ ചില രീതികൾ സ്വീകരിക്കാം. എന്തോയ്ക്കയാണവ ?**

**A) Vegetables can be cultivated in sacks or vessels filled with soil and manure. Vegetable cultivation is possible on the terrace of houses. Students can cultivate vegetables in schools.**
**ഉത്തരം) ചാക്കുകളിലോ പാത്രങ്ങളിലോ മണ്ണും വളവും നിറച്ച് പച്ചക്കറികൾ കൃഷി ചെയ്യാം. വീടുകളുടെ ടെറസിൽ പച്ചക്കറി കൃഷി ചെയ്യാം . വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യാം.**

**23. What are the Government agencies that promote cultivation?**
**23.കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ ഏജൻസികൾ ഏതൊക്കെയാണ്?**

**A) Vegetable and Food Promotion Council Kerala (VFPCK) helps the farmers.**
**State Horticulture Mission.- It encourages the production of fruits, vegetables, spices, mush- room, medicinal plants etc. It also encourages bee-keeping.**

**Agricultural Department- It distributes, seeds, saplings, manure etc. It gives subsidy.Kudumbasree for cultivation, Village Panchayat also gives help to peasants.**

**ഉത്തരം) വെജിറ്റബിൾ ആൻഡ് ഫുഡ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) കർഷകരെ സഹായിക്കുന്നു. വിത്ത്, തൈകൾ, വളം തുടങ്ങിയവ വിതരണം ചെയ്യുന്നു. സബ്സിഡി നൽകുന്നു. കൃഷിക്ക് കുടുംബശ്രീ, ഗ്രാമപഞ്ചായത്ത് എന്നിവയും കർഷകർക്ക് സഹായം നൽകുന്നു.**

**24. What are the activities which can be done on Farmers' Day?**
**24. കർഷക ദിനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താം?**

**A) Vegetable gardens can be prepared. Can give respect to senior peasants. Can make earthworm compost. Can take oath in the assembly. Can organize interview. Can make medicinal plantation. Can arrange classes about the method of cultivation.**

**ഉത്തരം) പച്ചക്കറിത്തോട്ടങ്ങൾ ഒരുക്കാം. മുതിർന്ന കർഷകർക്ക് ആദരവ് നൽകാം. മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാം. അസംബ്ലിയിൽ പ്രതിജ്ഞ ചെയ്യാം.ഇന്റർവ്യൂ സംഘടിപ്പിക്കാം**

**25. Some changes are being noticed in the agricultural sector of Kerala. What are they?**
**25. കേരളത്തിന്റെ കാർഷിക മേഖലയിൽ ചില മാറ്റങ്ങൾ ശ്രദ്ധിക്കപ്പെടുന്നുണ്ട്. എന്താണ് ആ മാറ്റങ്ങൾ?**

**A) The physiography, soil and climate in Kerala are favourable for cultivation.**
**Each family cultivates necessary vegetables. Vegetables are cultivated in school compound. Non-poisonous vegetables are widely cultivated**

**ഉത്തരം) കേരളത്തിലെ ഭൂമിശാസ്ത്രവും മണ്ണും കാലാവസ്ഥയും കൃഷിക്ക് അനുകൂലമാണ്. ഓരോ കുടുംബവും ആവശ്യമായ പച്ചക്കറികൾ കൃഷി ചെയ്യുന്നു. സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നു. വിഷമില്ലാത്ത പച്ചക്കറികൾ വ്യാപകമായി കൃഷി ചെയ്യുന്നു**

JOPHY LIJOICE